<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 426</u> <u>08-08-2023 - ൽ മറുപടിയ്ക്ക്</u>

<u>കില ഡയറക്ടർ ജനറലിന്റെ സേവന കാലാവധി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ കിലയുടെ നിയമാവലിക്കു വിരുദ്ധമായി ജോയ് ഇളമന്റെ ഡയറക്ടർ ജനറൽ പദവിയിലെ സേവന കാലാവധി ദീർഘിപ്പിച്ച നൽകിയത് സംബന്ധിച്ച മുഖ്യമന്ത്രിക്കും ചീഫ് സെക്രട്ടറിക്കും ആരൊക്കെയാണ് പരാതി നൽകിയത്; പ്രസ്തുത പരാതികളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (എ) | ഡോ.ജോയ് ഇളമൺ-ന്റെ ഡയറക്ടർ ജനറൽ പദവിയിലെ സേവന കാലാവധി ദീർഘിപ്പിച്ച നൽകിയതുമായി ബന്ധപ്പെട്ട് കെ.പി.സി.സി സെക്രട്ടറി ജോൺ വിനേഷ്യസ് ചീഫ് സെക്രട്ടറിയ്ക്ക് ഒരു പരാതി നൽകിയിട്ടുണ്ട്.. പ്രസ്തുത പരാതി സർക്കാർ പരിശോധിച്ച വരുന്നു. |
| (ബി) | 2023 ജൂലൈ 4-ന 60 വയസ്സ് തികഞ്ഞ ജോയ് ഇളമനെ കിലയുടെ ഡയറക്ടർ ജനറൽ പദവിയിൽ തുടർന്ന് പ്രവർത്തിക്കാൻ ചുമതല നൽകുന്ന നിയമ വിരുദ്ധമായ സർക്കാർ ഉത്തരവിന് (സ. ഉ. (സാധാ) നം. 1045/2023/LSGD: 15-05 -2023) കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കാമോ; | (ബി) | പകരം ആളെ കണ്ടെത്തി നിയമിക്കുന്നതുവരെ മാത്രമാണ് നിയമനം നീട്ടി നൽകിയിരിക്കുന്നത്. ഇത് സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. |
| (സി) | കിലയിൽ പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കാൻ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ; പുതിയ ഡയറക്ടർ ജനറലിനെ എന്നത്തേക്ക് നിയമിക്കാൻ കഴിയും; അതുവരെ പകരം ചാർജ് നല്കാൻ നടപടികൾ സ്വീകരിക്കാമോ; | (സി) | പുതിയ ഡയറക്ടർ ജനറലിനെ കണ്ടെത്തിയിട്ടില്ല. പുതിയ ഡയറക്ടർ ജനറലിനെ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അതുവരെ നിലവിലെ ഡയറക്ടർ ജനറലിന് ചുമതല നൽകി ഉത്തരവായിട്ടുണ്ട്. |
| (ഡി) | ജോയ് ഇളമനെ തട്ടിപ്പ് , വഞ്ചന എന്നീ കുറ്റങ്ങൾ ചുമത്തി 22-03 -2018 മുതൽ 21-03-2026 വരെ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം-ന്റെ കരിമ്പട്ടികയിൽ ആണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിരുന്നോ;ഇത് സംബന്ധിച്ച മുഖ്യമന്ത്രിക്കു പരാതി ലഭിച്ചിരുന്നുവോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ഡി) | ഈ വിഷയത്തിൽ 22.05.2018-ൽ ഒരു പരാതി ലഭിച്ചിരുന്നു.<br><br>പ്രസ്തുത വിഷയം സംബന്ധിച്ച് UNDP (United Nations Development Programme) -യുടെ റിപ്പോർട്ട് തേടിയിരുന്നുവെങ്കിലും ഇതുവരെ റിപ്പോർട്ട് ലഭ്യമാക്കിയില്ല |

സെക്ഷൻ ഓഫീസർ